## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

02.11.2016 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 5525

### പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പാഴായി പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നടപ്പാക്കിയിട്ടുള്ള കർമ്മ പദ്ധതി വിശദമാക്കുമോ; | എ)സംസ്ഥാനത്ത് പാഴായിപ്പോകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 16/01/2010 ലെ സ.ഉ.(കൈ) 15/ഐഡി/10 പ്രകാരം തൊ ണ്ടു സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നട പ്പിലാക്കിയിട്ടുണ്ട്. 16.01.2015 ലെ ജി. ഒ. (എംഎസ്) നമ്പർ 116/2015/10 പ്രകാരം നിലവിലു ണ്ടായിരുന്ന തൊ ണ്ടുസംഭരണ പദ്ധതിയിൽ ഭേദഗതികൾ വരുത്തി നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയനുസരിച്ച് തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി) പ്രസ്തുത പദ്ധതിയനുസരിച്ച തൊ ണ്ടു സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ തൊണ്ട് എത്തിക്കുന്ന തൊഴിലാളികൾക്ക് മിനിമം 80 ഗ്രാം ചകിരി ലഭിക്കുന്ന പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും 80 ഗ്രാമിൽ താഴെ ചകിരി ലഭിക്കുന്ന- പച്ചത്തൊണ്ടിന് 20 പൈസ നിരക്കിലും, 60 ഗ്രാം ചകിരി ലഭിക്കുന്ന ഉണക്കത്തൊ ണ്ടിന് 15 പൈസ നിരക്കിലും 60 ഗ്രാമിൽ താഴെ ചകിരി ലഭിക്കുന്ന ഉണക്കത്തൊ ണ്ടിന് 10 പൈസ നിരക്കിലും ഇൻസെന്റീവ് നൽകി വരുന്നുണ്ട്. ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊ ണ്ടുസംഭരിച്ചു നൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊ ണ്ടിന് 160/- രൂപയും, കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും 20/- രൂപ വീതവും, ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണത്തിന് 150/- രൂപയും കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊ ണ്ടിനും 25/- രൂപ വീതവും നൽകി വരുന്നു. |

| | |
|---|---|
| സി) കയർ സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് ലഭിക്കുന്ന സഹായങ്ങൾ വിശദമാക്കുമോ; | സി)കയർ സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് ചുവടെ പറയും പ്രകാരം സഹായങ്ങൾ ലഭിക്കുന്നു. |

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | കയർമേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ / ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക | 250/- രൂപ |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും | 50/- രൂപ |
| ചകിരി ഉൽപ്പാദനം | | |
| 2. | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോ യ്ക്ക് | 3/- രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോ യ്ക്ക് | 2/- രൂപ സബ്സിഡി |
| മെയിൻറനൻസ് ഗ്രാന്റ് | | |
| 3. | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50,000/-രൂപ |
| 4. | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10,000/- രൂപ |

**<u>റിവോൾവിംഗ് ഫണ്ട്</u>**

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തനമൂലധനം നൽകി വരുന്നു.

ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരിവില/കയർവില നിർണ്ണയ കമ്മറ്റി കയറിന്റെ കമ്പോളവില കണക്കാക്കി പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിയ്ക്ക് കിലോ യ്ക്ക് 17/- രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോക്ക് 14/- രൂപ നിരക്കിലും വില നിശ്ചയിച്ചുനൽകിയിട്ടുണ്ട്.

| | |
|---|---|
| ഡി)പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി)യന്ത്രസഹായത്തോടുകൂടി തൊണ്ട് തല്ലി ചകിരി ഉല്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ തുടങ്ങുക, നിലവിലുള്ള ചകിരി ഉല്പ്പാദന യൂണിറ്റുകൾ നവീകരിക്കുക, ചകിരിച്ചോറ് അസംസ്കൃത വസ്തുവായിട്ടുള്ള ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക എന്നിവയാണ് ഈ പദ്ധതി പ്രകാരം ചെയ്യാനുദ്ദേശിക്കുന്നത്. കൂടാതെ കയർ വ്യവസായ സഹകരണ സംഘങ്ങൾ, കുടുംബശ്രീ സമാന യൂണിറ്റുകൾ, സ്വകാര്യ കയർ വ്യവസായ യൂണിറ്റുകൾ, കയർ വ്യവസായ സംരംഭകർ എന്നിവരെയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ചകിരി ഉല്പാദനത്തിൽ നാളികേര കർഷക ഫെഡറേഷനുകളെ കൂടി പങ്കാളികളാക്കി പദ്ധതി വിപുലപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും സർക്കാരിന് ഉദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ